പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.638 — 10-07-2014 - ൽ മറുപടിയ്ക്ക്

## കുളങ്ങളുടേയും ചിറകളുടേയും സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>,, കെ.എൻ.എ.ഖാദർ:<br>,, പി.ബി.അബ്ദുൾ റസാക്:<br>,, പി.കെ.ബഷീർ: | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിന് ജലവിഭവ വകുപ്പിനു കീഴിൽ ഏതൊക്കെ പദ്ധതി കളാണ് ഉള്ളത് എന്നതിന്റെ വിശദ വിവരം നല്കുമോ ; | (എ) കുളങ്ങളുടെയും ചിറകളുടെയും പുനരുദ്ധാരണവും നവീകരണവും ലക്ഷ്യമിട്ട് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയുള്ള പദ്ധതികൾ, നബാർഡ് (ആർ.ഐ.ഡി.എഫ്) ധനസഹായത്തോടെയുള്ള പദ്ധതികൾ, എന്നിവ ധനലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കുടിവെള്ള വിതരണത്തിനായുള്ള സ്രോതസ്സുകളായി ഉപയോഗിക്കാവുന്ന കുളങ്ങളും മറ്റും പുനരുദ്ധരിക്കുന്നതിനുള്ള പണികൾ വാട്ടർ അതോറിറ്റിയും നടപ്പിലാക്കി വരുന്നു. |
| (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേവാലയങ്ങൾ എന്നിവയുടെ കീഴിലെ കുളങ്ങൾ നവീകരിക്കുന്നതിനോ സംര ക്ഷിക്കുന്നതിനോ പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാ ക്കുമോ ; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്നതനുസരിച്ച് കുളങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ ഏറ്റെടുക്കാറുണ്ട്.<br>എന്നാൽ ദേവാലയങ്ങൾക്ക് കീഴിലുള്ള കുളങ്ങൾ നവീകരിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലില്ല. |
| (സി) സംസ്ഥാനത്ത് ശുദ്ധജലാവശ്യത്തിന് ഉപയോഗപ്പെടുത്താവുന്ന എത്ര കുള ങ്ങളും ചിറകളും ഉണ്ടെന്നതിന്റെയും ഓരോന്നിന്റെയും സംഭരണ ശേഷിയും സംബന്ധിച്ച വിവരശേഖരണം നടത്തി യിട്ടുണ്ടോ; ഇല്ലെങ്കിൽ അതു സംബ ന്ധിച്ച വിവരശേഖരണം നടത്താൻ നിർദ്ദേശം നൽകുമോ? | (സി) സംസ്ഥാനത്ത് ശുദ്ധജലാവശ്യത്തിന് ഉപയോഗപ്പെടുത്തുന്ന കുളങ്ങളും ചിറകളുമുണ്ട്. എന്നാൽ അവയുടെ കൃത്യമായ കണക്കും സംഭരണശേഷിയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ല. കുളങ്ങളുടെയും ചിറകളുടെയും സ്ഥിതി വിവര കണക്കുകൾ എടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.